## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1668 | 01.11.2019-ൽ മറുപടിയ്ക്ക് |
|---|---|
| **മാലിന്യ സംസ്കരണ പദ്ധതികൾ** | |
| **ചോദ്യം** | **ഉത്തരം** |
| **ശ്രീ.വി. കെ. സി. മമ്മത് കോയ** | **എ.സി.മൊയ്തീൻ<br>തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി** |

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ മാലിന്യ സംസ്കരണത്തിന് പ്രത്യേക പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ; ഇതുമായി ബന്ധപ്പെട്ട് വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | ഉണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ജൈവമാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്ന കമ്പോസ്റ്റിംഗ്, ബയോമെതനേഷൻ, സാങ്കേതിക വിദ്യകളിൽ അധിഷ്ഠിതമായ ഉറവിട മാലിന്യ സംസ്കരണ പദ്ധതികളാണ് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ വഴി നടപ്പിലാക്കി വരുന്നത്. അതുപോലെ നിലവിൽ പ്രവർത്തിക്കുന്ന കേന്ദ്രീകൃത ജൈവമാലിന്യ സംസ്കരണ പ്ലാന്റുകൾ മെയിന്റനൻസ് ചെയ്യുന്നതിനുള്ള സാങ്കേതിക സാമ്പത്തിക സഹായവും ശുചിത്വ മിഷന്റെ മേൽനോട്ടത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകി വരുന്നു.<br>അജൈവമാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ തരംതിരിച്ച് ശേഖരിച്ച് പുന:ചംക്രമണം ചെയ്യുന്നതിനായി കൈമാറുന്നതിനുവേണ്ടി എം.സി.എഫ്., ആർ.ആർ.എഫ് സെന്ററുകളുടെ പ്രവർത്തനവും തദ്ദേശ സ്വയംഭരണ സ്ഥാപനാടിസ്ഥാനത്തിൽ നടപ്പിലാക്കി വരുന്നു. കൂടാതെ അജൈവ മാലിന്യം തരംതിരിച്ച് ശേഖരിച്ച് എം.സി.എഫുകളിലും, ആർ.ആർ.എഫുകളിലും എത്തിക്കുന്നതിനായി ഹരിത കർമ്മ സേനകൾ തദ്ദേശ സ്വയംഭരണ സ്ഥാപനതലങ്ങളിൽ രൂപീകരിച്ച് പ്രവർത്തനം നടത്തി വരുന്നു. ഇവർക്ക് ആവശ്യമായ സാങ്കേതിക സഹായങ്ങൾ നൽകുന്നതിനായി ഹരിത സഹായ സ്ഥാപനങ്ങളെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തെരഞ്ഞെടുത്ത് ആയതിന്റെ അടിസ്ഥാനത്തിലുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നു. കൂടാതെ മാലിന്യത്തിൽ നിന്നും ഊർജ്ജം ഉല്പാദിപ്പിക്കുന്ന തരത്തിലുള്ള ഇന്റഗ്രേറ്റഡ് വേസ്റ്റ് മാനേജ്മെന്റ് പ്ലാന്റുകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ക്ലസ്റ്റർ അടിസ്ഥാനത്തിൽ തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള സ്ഥലങ്ങളിൽ സ്ഥാപിക്കുവാനും പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. |
| (ബി) | ഇറച്ചിക്കടകളും കോഴിക്കടകളും നടത്തുന്നവർക്ക് മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് നിലവിലുള്ള നിബന്ധനകൾ വ്യക്തമാക്കാമോ? | (ബി) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിൽ പ്രവർത്തിക്കുന്ന ചിക്കൻ സ്റ്റാളുകൾ, അറവുശാലകൾ എന്നിവടങ്ങളിലെല്ലാം മാലിന്യ സംസ്കരണ സംവിധാനങ്ങൾ ഫലപ്രദമായി പ്രവർത്തിക്കുന്നുണ്ട് എന്നും, അവയിൽ നിന്നുള്ള ജൈവ-അജൈവ മാലിന്യങ്ങൾ പൊതുനിരത്തുകളിലും ജലാശയങ്ങളിലും നിക്ഷേപിക്കപ്പെടുന്നില്ല എന്നും തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിമാർ ഉറപ്പുവരുത്തണമെന്നും, ഇത് ലംഘിക്കുന്നവർക്കെതിരെ കർശന നടപടികൾ സ്വീകരിക്കണമെന്നും 22-07-2017-ലെ സ.ഉ (സാധാ) നമ്പർ 2511/2017/തസ്വഭവ പ്രകാരം ഉത്തരവായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ